To

Shri.Krishna Tejas, IAS
Director,
Kerala Tourism,
Thiruvananthapuram.

വിഷയം: ഹോംസ്റ്റേ ക്ലാസ്സിഫിക്കേഷൻ /റീക്ലാസിഫിക്കേഷന് അപേക്ഷിക്കുമ്പോൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും NO OBJECTION CERTIFICATE ഒഴിവാക്കുന്നത് സംബന്ധിച്ച്.

സർ,

വിനോദ സഞ്ചാര (സി) വകുപ്പ് സ:ഉ:(കൈ) നം. 03/2020/ടൂറിസം - 16/01/2020 ഇറക്കിയ ഹോംസ്റ്റേ ക്ലാസ്സിഫിക്കേഷൻ / റീക്ലാസിഫിക്കേഷൻ സ്കീം പുതുക്കിയ ഉത്തരവ് പ്രകാരം ഒരു കുടുംബം ഹോംസ്റ്റേ ക്ലാസ്സിഫിക്കേഷൻ / റീക്ലാസിഫിക്കേഷൻ സർട്ടിഫിക്കറ്റുകൾക്കായി ടൂറിസം വകുപ്പിൽ അപേക്ഷിക്കണമെങ്കിൽ 10 ഡോക്യുമെന്റുകൾ വിവിധ സ്ഥാപനങ്ങളിൽ നിന്ന് അപേക്ഷയോടൊപ്പം വയ്ക്കണം. ഇതിൽ മൂന്ന് ഡോക്യുമെന്റുകൾ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ ഓഫീസുകളിൽ നിന്നുമാണ് സമർപ്പിക്കേണ്ടത്. അവ താഴെ പറയുന്നതാണ്.

1. No object certificate to operate Homestay from Panchayath / Municipality/ Corporation
2. Residence Certificate from Panchayath /Municipality/Corporation
3. Ownership Certificate of building from Panchayath / Municipality/Corporation

ഇതിൽ ആദ്യത്തെ ഇനമായ NOC ഒട്ടുമിക്ക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും അപേക്ഷകർക്ക് നിലവിൽ കൊടുക്കുന്നില്ല. കാരണം NOC സംബന്ധിച്ച് വ്യക്തമായ നിർദ്ദേശം അവർക്ക് അവരുടെ മേലുദ്യോഗസ്ഥരിൽ നിന്ന് ലഭിച്ചിട്ടില്ല. കൂടാതെ NOC സംബന്ധിച്ച് ഒരു ഗ്രാഹ്യവും അവർക്കില്ലതാനും.

ഓണർഷിപ്പ് സർട്ടിഫിക്കറ്റും, റസിഡൻസ് സർട്ടിഫിക്കേറ്റും തരുന്നതിൽ ഈ സ്ഥാപനങ്ങൾ വലിയ തടസ്സം നിലവിൽ കാണിക്കുന്നില്ല.

....2

ആലപ്പുഴ, മാരാരിക്കുളം, എറണാകുളത്ത് മുളവുകാട്, നായരമ്പലം തുടങ്ങിയ പഞ്ചായത്തുകൾ, മൂവാറ്റുപുഴ മുനിസിപ്പാലിറ്റി, കൊച്ചിൻ കോർപ്പറേഷൻ, കണ്ണൂർ കോർപ്പറേഷൻ തുടങ്ങി കേരളത്തിലെ ഭൂരിപക്ഷം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലും അപേക്ഷിച്ചവർക്ക് നിലവിൽ NOC നൽകിയിട്ടില്ല.

കോവിഡ് കാലത്ത് നീട്ടികൊടുത്ത ക്ലാസിഫിക്കേഷൻ കാലാവധി 2020 ഡിസംബറിൽ കഴിഞ്ഞതിനാൽ സംസ്ഥാനത്ത് നൂറുകണക്കിന് ഹോംസ്റ്റേ സംരഭകർ NOC സർട്ടിഫിക്കറ്റ് ലഭിക്കാത്തതിനാൽ അവരുടെ അപേക്ഷ പുതുക്കി നൽകാൻ കഴിയാത്ത അവസ്ഥയിലാണ്. കൂടാതെ പുതിയ അപേക്ഷ കൊടുക്കാനും ബുദ്ധിമുട്ട് നേരിടുകയാണ്.

ഇന്ത്യ ടൂറിസം ഹോംസ്റ്റേ ക്ലാസിഫിക്കേഷൻ സർട്ടിഫിക്കറ്റിന് അപേക്ഷിക്കുന്നവർക്ക് ഓണർഷിപ്പ് സർട്ടിഫിക്കറ്റ് മാത്രം നൽകിയാൽ മതി, NOC ആവശ്യമില്ല.

നിലവിൽ നടത്തിക്കൊണ്ടിരിക്കുന്ന സംരംഭകർക്ക് അവരുടെ ക്ലാസിഫിക്കേഷൻ സർട്ടിഫിക്കറ്റ് പുതുക്കണമെങ്കിൽ NOC ഒഴിവാക്കിക്കൊണ്ടുള്ള ഒരു ഉത്തരവ് ടൂറിസം വകുപ്പിൽ നിന്ന് ഇറക്കേണ്ടതുണ്ട്. ഓണർഷിപ്പ് സർട്ടിഫിക്കറ്റും, റസിഡൻസഷ്യൽ സർട്ടിഫിക്കറ്റും വാങ്ങി നിലവിലുള്ള പ്രശ്നം പരിഹരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ആയതിനാൽ വിനോദ സഞ്ചാര (സി) വകുപ്പ് സ:ഉ:(കൈ) നം. 03/2020/ടൂറിസം - 16/01/2020 ഇറക്കിയ ഹോംസ്റ്റേ ക്ലാസ്സിഫിക്കേഷൻ / റീക്ലാസിഫിക്കേഷൻ സ്കീം പുതുക്കിയ ഉത്തരവ് പുതുക്കി, NOC ഒഴിവാക്കിക്കൊണ്ടുള്ള പുതിയ ഉത്തരവ് ഇറക്കണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു.

എന്ന്,

M.P. Sivadathan
State Tourism Advisory Committee Member,
Director Kerala Homestay & Tourism Society
(Kerala Hats)
E-mail: sivadattan@gmail.com
keralahats@gmail.com
Mob: 9349253124

Ernakulam,
05.03.2021